## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6691** **01.11.2011-ൽ മറുപടിക്ക്**

### റോഡ് സേഫ്റ്റി അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി) | |
| (എ) | ഗതാഗത വകുപ്പിന്റെ കീഴിലുള്ള റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ഏതൊക്കെ യെന്ന് വിശദമാക്കുമോ; | (എ) | റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം നല്കുക. റോഡപകടങ്ങൾക്ക് കാരണമാകുന്നവർക്കെതിരെ നിയമനടപടിയെടുക്കുക എന്നിവയാണ് റോഡ് സേഫ്റ്റി അതോറിറ്റിയുടെ പ്രധാന പ്രവർത്തനങ്ങൾ.<br>2007 -ലെ കേരളാ റോഡ് സുരക്ഷാ അതോറിറ്റി ആക്ട് പ്രകാരം ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് കേരളാ റോഡ് സുരക്ഷാ അതോറിറ്റിയിൽ നിക്ഷിപ്തമാക്കിയിരിക്കുന്നത്.<br>(എ) റോഡ് സുരക്ഷാ നയങ്ങളിന്മേൽ സർക്കാരിനെ ഉപദേശിക്കുക.<br>(ബി) റോഡ് സുരക്ഷാ നിലവാരവും നടപടിക്രമങ്ങളും നിർണ്ണയിക്കുകയും നടപ്പിലാക്കുകയും ചെയ്യുക.<br>(സി).റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പദ്ധതികളും പ്രോജക്റ്റുകളും പരിപാടികളും ആവിഷ്കരിച്ച് നടപ്പിലാക്കുക.<br>(ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കർത്തവ്യ നിർവ്വഹണം നടത്തുന്ന എല്ലാ |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെയും സർക്കാർ വകുപ്പു കളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക.<br>(ഇ) ഫണ്ടിന്റെ നടത്തിപ്പ്.<br>(എഫ്) റോഡ് സുരക്ഷാ പദ്ധതികളും പരിപാടികളും നടപ്പിൽ വരുത്തുന്നതിനുള്ള ചെലവ് അനുവദിക്കുക.<br>(ജി) റോഡ് സുരക്ഷാ പ്രോജക്റ്റുകൾക്കു വേണ്ടിയും റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സാമഗ്രികളും ഉപകരണങ്ങളും വാങ്ങുന്നതിനും സ്ഥാപിക്കുന്നതിനു വേണ്ടിയും ചെലവ് അനുവദിക്കുക.<br>(എച്ച്) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട സംഗതികളിൽ പഠനങ്ങളും പ്രോജക്ടുകളും ഗവേഷണവും നടത്തുന്നതിന് ചെലവ് അനുവദിക്കുക.<br>(ഐ) ട്രോമ -കെയർ പരിപാടികൾക്കോ പ്രവർത്തനങ്ങൾക്കോ ഉള്ള ചെലവ് അനുവദിക്കുക.<br>(ജെ) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾ അനുവദിക്കുക.<br>(കെ) റോഡ് സുരക്ഷാ നടപടികളുമായി ബന്ധപ്പെട്ട സംഗതികൾക്കുള്ള ചെലവ് അനുവദിക്കുക.<br>(എൽ) അതോറിറ്റിയുടെ നേതൃത്വത്തിൽ അപകടസ്ഥലത്തെ രക്ഷാപ്രവർത്തനങ്ങൾക്കായി സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുക.<br>(എം) ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ പരിഗണിച്ചുകൊണ്ട് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക. |
| (ബി) | റോഡ് സേഫ്റ്റി അതോറിറ്റിയുടെ മേധാവി ആരാണ്; ഇപ്പോൾ ആരാണ് പ്രസ്തുത ചുമതലയിലുള്ളത്; | (ബി) | ട്രാൻസപോർട്ട് കമ്മീഷണർ റോഡ് സേഫ്റ്റി കമ്മീഷണറും അതോറിറ്റിയുടെ ചീഫ് എക്സിക്യൂട്ടീവുമാണ്. ഇപ്പോൾ പ്രസ്തുത ചുമതല വഹിക്കുന്നത് അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് ശ്രീ.റ്റി.പി. സെൻകുമാർ ഐ.പി.എസ് ആണ്. |

<table>
<tr>
<td>(സി)</td>
<td>റോഡ് സേഫ്റ്റി അതോറിറ്റിയിൽ എത്ര ഉദ്യോഗസ്ഥരുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;</td>
<td>(സി)</td>
<td>നിലവിൽ റോഡ് സേഫ്റ്റി അതോറിറ്റിയിൽ ഉള്ള ഉദ്യോഗസ്ഥരുടെ എണ്ണം താഴെ പറയുന്നു.
<table>
<tr><th>നമ്പർ</th><th>തസ്തിക</th><th>എണ്ണം</th></tr>
<tr><td>1.</td><td>അക്കൗണ്ട്സ് ഓഫീസർ</td><td>1</td></tr>
<tr><td>2.</td><td>ക്ലാസ് ഫോർ</td><td>1</td></tr>
<tr><td>3.</td><td>ഡേറ്റ എൻട്രി ഓപ്പറേറ്റർ (ദിവസവേതനാടിസ്ഥാനത്തിൽ</td><td>1</td></tr>
</table>
റോഡ് സേഫ്റ്റി അതോറിറ്റിക്ക് സംസ്ഥാനത്ത് നിലവിൽ ഒരു ഓഫീസ് മാത്രമേ ഉള്ളൂ. തിരുവനന്തപുരം ജില്ലയിലാണ് ഇതു സ്ഥിതിചെയ്യുന്നത്.</td>
</tr>
</table>

സെക്ഷൻ ഓഫീസർ